നം. എം.4/71506/2012/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 20.10.2012.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർമാർക്കും } വിദ്യാഭ്യാസ ഉപഡയറക്ടർ വഴിയായി

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം -തൊഴിൽ വകുപ്പ് - ആം ആദ്മി ബീമായോജന - സ്കോളർഷിപ്പ് അപേക്ഷ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- നമ്പർ പി(3) 20097/11 തീയതി.10.10.2012 ലേബർ കമ്മീഷണർ

****

2008-09 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ ഗ്രാമീണ ഭൂരഹിത കുടുംബങ്ങളിലെ (5 സെന്റ് വരെ ഭൂമിയുള്ള) കുടുംബനാഥർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്ന പദ്ധതിയാണ്, ആം ആദ്മി ഭീമായോജന (ആബി). അംഗങ്ങളായി ചേരുന്നവരുടെ (18 മുതൽ 59 വയസുവരെയുള്ളവരുടെ) സ്വാഭാവിക മരണത്തിന് 30,000/ രൂപയും അപകടം മൂലം പൂർണ്ണ അവശതയുള്ളവർക്ക് 75,000/ രൂപയും അപകടം മൂലം ഒരു കണ്ണോ ഒരു അവയവയോ നഷ്ടമാകുന്നവർക്ക് 37,500/ രൂപയും രണ്ടു കണ്ണോ

രണ്ടു അവയവമോ അഥവ ഒരു കണ്ണും ഒരു അവയവവും നഷ്ടമാകുന്നവർക്ക് 75,000/ രൂപ എന്നിങ്ങനെ ഇൻഷ്വറൻസ് പരിരക്ഷ ഈ പദ്ധതി പ്രകാരം ലഭ്യമാകുന്നതാണ്.

കൂടാതെ, അംഗങ്ങളുടെ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അതായത് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഗവൺമെന്റ് ഐ. ടി.ഐ എന്നീ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് (ഒരു കുടുംബത്തിലാണെങ്കിൽ പരമാവധി ഒരേ സമയം രണ്ടു കുട്ടികൾക്ക് പ്രതിമാസം 100/ രൂപ സ്കോളർഷിപ്പ് നൽകുന്നതിനും പദ്ധതി വിഭാവന ചെയ്യുന്നു. ഈ സ്കോളർഷിപ്പ് വർഷത്തിൽ രണ്ടുപ്രാവശ്യമായി വിതരണം ചെയ്യുന്നതാണ്. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ മക്കൾക്കുള്ള സ്കോളർഷിപ്പിനു വേണ്ടി നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ അസിസ്റ്റന്റ് ലേബർ ഓഫീസർ മുഖാന്തിരം പദ്ധതി ഇൻഷ്വർ ചെയ്തിട്ടുള്ള എൽ.ഐ.സിയിലേക്ക് അയയ്ക്കുകയും എൽ.ഐ.സി അവ സൂക്ഷ്മ പരിശോധന നടത്തിയശേഷം അർഹതപ്പെട്ട തുക സ്കോളർഷിപ്പായി അനുവദിച്ചു നൽകുകയും ചെയ്യുന്നു. നിലവിൽ നൽകിയിട്ടുള്ള സ്കോളർഷിപ്പ് പ്രകാരമുള്ള അപേക്ഷ ഫോറങ്ങളിൽ അംഗങ്ങളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, സ്ഥലം എന്നിവ കൂടി രേഖപ്പെടുത്തി അയയ്ക്കുകയാണെങ്കിൽ ടി സ്കോളർഷിപ്പ് തുക പ്രസ്തുത അക്കൗണ്ടിലേക്ക് എൽ.ഐ.സിക്കു തന്നെ നേരിട്ട് നൽകാൻ കഴിയുന്നതാണ്. 2012 ഡിസംബർ മാസം 31 വരെ പദ്ധതിയിൽ അംഗമാകുന്നവരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് അപേക്ഷകളും (തൻ വർഷത്തെ സ്കോളർഷിപ്പിനായുള്ളത്) പരിഗണിക്കുന്നതാണെന്ന് എൽ.ഐ.സി അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിയിലേക്ക് അർഹതയുള്ള എല്ലാവരേയും അംഗങ്ങളായി ചേർക്കുന്നതിന് താങ്കളുടെ കീഴിലുള്ള ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ആവശ്യമായ നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്.

ലഭ്യമാകുന്ന എല്ലാ അപേക്ഷകളും (എന്റോൾമെന്റ് & സ്കോളർഷിപ്പ്) അതാതു പ്രദേശത്തെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ ഏൽപ്പിക്കേണ്ടതാണ്. ഈ പദ്ധതി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലേബർ ഓഫീസർമാരിൽ നിന്നും ലഭിക്കുന്നതാണ്.

വിശ്വസ്തതയോടെ

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.